(ഡി) 1-1-96-ലെ അടിസ്ഥാന ശമ്പളത്തോടുകൂടി 1-1-96-ലെ ബാക്കി നിൽപ്പു ക്ഷാമബത്തകൂടി പ്രസ്തുത തുകയുടെ 20% മോ ഏറ്റവും കുറഞ്ഞത് 300 രൂപയോ ചേർത്താണ് ശമ്പളം നിർണ്ണയിക്കാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ജീവനക്കാരുടെ സർവ്വീസ് പരിഗണിച്ച് ഏറ്റവും അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ മൂന്നുവർഷത്തെ സർവീസിനു ഒരു ഇൻക്രിമെന്റ് എന്ന കണക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തോട് കൂടി കൂട്ടാനും ശുപാർശ ചെയ്തിട്ടുണ്ട്. വീട്ടുവാടക ബത്ത അടിസ്ഥാന ശമ്പളത്തിന്റെ 6% പരമാവധി 800 രൂപയായി നിശ്ചയിക്കുക, മെഡിക്കൽ അലവൻസ് 600 രൂപയിൽ നിന്നു 1000 രൂപയായും വാഷിംഗ് അലവൻസ് 50 രൂപയിൽ നിന്നു 100 രൂപയായും വർദ്ധിപ്പിക്കുക, സിറ്റി കോമ്പൻസേറ്ററി അലവൻസ്, കണ്ണട അലവൻസ്, കമ്പ്യൂട്ടർ അലവൻസ്, ഹിൽട്രാക്റ്റ് അലവൻസ് എന്നിവ അനുവദിക്കുക എന്നിവയാണ് ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ മറ്റു പ്രധാന ശുപാർശകൾ.

(ഇ) ഇല്ല. നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അർബൻ ബാങ്ക് ജീവനക്കാരുടെ സംഘടനകളും അർബൻ ബാങ്കു മാനേജ്മെന്റുമായി ചർച്ച ചെയ്ത് ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്.

**173 (2551) നീതിമെഡിക്കൽ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്ന രീതി**

ശ്രീ. എ.വി അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്നത് ഏതു രീതിയിലാണ്;

(ബി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പരിചയം തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കുന്നത് ആരാണ്;

(സി) നിശ്ചിത യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നത് ആരാണ്;

(ഡി) നിയമനാധികാരി ആരാണ്;

(ഇ) നിയമനത്തിൽ ജാതി സംവരണം പാലിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് 'കൺസോളിഡേറ്റഡ് പേ' യിൽ കരാർ വ്യവസ്ഥയിലാണ് ഇപ്പോൾ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ബി) നീതിമെഡിക്കൽ സ്റ്റോർ പദ്ധതിക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന് വിധേയമായിട്ടും, കേരളാ സ്റ്റേറ്റ് ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടും, ഇവ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന സഹകരണസംഘങ്ങളുടെ ഭരണസമിതിയാണ് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

(ഡി) സഹകരണസംഘങ്ങളുടെ ഭരണ സമിതിയാണ് നിയമനാധികാരി.

(ഇ) നീതിമെഡിക്കൽ സ്റ്റോറുകളിലേക്കുള്ള നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലായതിനാൽ ജാതി സംവരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

**174 (2552) സഹകരണസംഘം ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ്**

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി.യിൽ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഏറ്റവും അവസാനമായി സഹകരണസംഘം ഇൻപെക്ടർമാരുടെ പരീക്ഷ പി.എസ്.സി. നടത്തിയത് എന്നാണ്;

(സി) ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസത്തിനുള്ള കാരണമെന്താണ്;

(ഡി) സഹകരണവകുപ്പിൽ ഇപ്പോൾ എത്ര ഇൻസ്പെക്ടർമാരുടെ ഒഴിവുണ്ട്;

(ഇ) ഈ തസ്തികയിലേക്കുള്ള ലിസ്റ്റ് ആവശ്യപ്പെട്ട് പി.എസ്.സി.ക്ക് കത്തെഴുതിയിരുന്നോ;

(എഫ്) ഇപ്പോഴത്തെ നിലയിൽ സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് പി.എസ്.സി.ക്ക് എന്നു പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 3.2.1996 ലാണ് അവസാനമായി പരീക്ഷ പി.എസ്.സി. നടത്തിയത്.

(സി) ഇല്ല. കാലതാമസം നേരിടുന്ന കാര്യം പി.എസ്.സി യുടെ ശ്രദ്ധയിൽ വരുത്തിയിട്ടുണ്ട്.

(ഡി) സഹകരണവകുപ്പിൽ ഇപ്പോൾ 371 ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികകൾ ഒഴിവുണ്ട്.

(ഇ) പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) സഹകരണസംഘം ഇൻസ്പെക്ടർ/ഓഡിറ്റർമാരുടെ റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പി.എസ്.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**175 (2553) മലബാർ ക്യാൻസർ സെന്റർ**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly